രജിസ്ട്രേഷൻ, ഇ-മണൽ , റേഷൻ കാർഡിനുള്ള ഓൺലൈൻ അപേക്ഷ, ഇ-കൃഷി, എന്റെ ഗ്രാമം ഇ-ഗ്രാൻസ്, ജനമൈത്രി പോലീസ് സ്റ്റേഷനുകളിലെ ഹെൽപ്പ് ഡെസ്ക്, എൽ.ഐ.സി. മൈക്രോ ഇൻഷ്വറൻസ്, സവിശേഷ തിരിച്ചറിയൽ നമ്പർ (UIDAI) രജിസ്ട്രേഷൻ, ആരോഗ്യ ഇൻഷ്വറൻസ് (RSBY), കെ.എൻ.ആർ.കെ യുടെ ഫണ്ട് സബ്സ്ക്രിപ്ഷൻ സമാഹരണം, ഇ-ഡിസ്ട്രിക്ട് സേവനങ്ങൾ മലയാളം കമ്പ്യൂട്ടിംഗ് ട്രെയിനിംഗ്, കൂടാതെ വിദ്യാഭ്യാസ പരിപാടികളായ ഇന്റൽ ലേൺ, ഇ-വിദ്യ, ഡെയാക്-ഇഗ്നോ എന്നീ സ്ഥാപനങ്ങളിലൂടെ കോഴ്സുകൾ, കെൽട്രോൺ മെഡിക്കൽ ട്രാൻസ്ക്രിപ്ഷൻ, ഇൻസൈറ്റ് പ്രോഗ്രാം മുതലായവ അക്ഷയ വഴി നടപ്പാക്കുന്ന സേവനങ്ങളാണ്.

(ഡി) മലയാളം കമ്പ്യൂട്ടിംഗ്, വിദ്യാഭ്യാസ പരിപാടികളായ ഇന്റൽ ലേൺ, ഇ-വിദ്യ, ഡെയാക്-ഇഗ്നോ എന്നീ സ്ഥാപനങ്ങളിലൂടെ കോഴ്സുകൾ, കെൽട്രോൺ മെഡിക്കൽ ട്രാൻസ്ക്രിപ്ഷൻ, ഇൻസൈറ്റ് പ്രോഗ്രാം മുതലായവ അക്ഷയ വഴി നടപ്പാക്കുന്ന സേവനങ്ങളാണ്.

(ഇ) അക്ഷയകേന്ദ്രങ്ങളിലൂടെ കൂടുതൽ സേവനങ്ങൾ നൽകുക വഴി അക്ഷയ സംരംഭകരുടെ വരുമാന വർദ്ധനവുണ്ടാകുന്നതിലൂടെ അക്ഷയ സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്താവുന്നതാണ്.

## ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി

28(*176) ശ്രീ. സി. കെ. പി. പത്മനാഭൻ :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) സർക്കാരിന്റെ വിവിധ വികസന പ്രവർത്തനങ്ങൾ ജനങ്ങളിലെത്തിക്കാൻ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(സി) സർക്കാരിന്റെ നവീകരിച്ച വെബ്പോർട്ടലിലൂടെ ലഭ്യമാകുന്ന വിവരങ്ങൾ എന്തെല്ലാമാണ്;

(ഡി) ഇ-മെയിലിലൂടെ മന്ത്രിമാരെ ബന്ധപ്പെടാൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സർക്കാർ വകുപ്പുകളുടെ സേവനങ്ങൾ, ഉത്തരവുകൾ, സർക്കുലറുകൾ, അപേക്ഷാ ഫോമുകൾ എന്നിവ വെബ്പോർട്ടലിൽ ലഭ്യമാക്കുമോ ;

(എഫ്) കേരളത്തെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങളും ടൂറിസം കേന്ദ്രങ്ങളെ സംബന്ധിച്ച വിശദാംശവും വെബ്പോർട്ടലിൽ ലഭ്യമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ):

(എ) ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വകുപ്പിന്റെ വിവിധ വിഭാഗങ്ങൾ പുനഃസംഘടിപ്പിച്ചു. ഇതിലേക്കായി സർക്കാർ നിയമിച്ച വിദഗ്ദ്ധ കമ്മിറ്റിയുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ വകുപ്പിൽ ഒരു ഇലക്ട്രോണിക് മീഡിയാ ഡിവിഷൻ രൂപീകരിക്കുകയും പ്രസ്തുത ഡിവിഷന് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തു. വകുപ്പിലെ പരസ്യ വിഭാഗവും പ്രസിദ്ധീകരണ വിഭാഗവും പുനഃസംഘടിപ്പിക്കുകയും മാധ്യമ വാർത്താവിതരണ വിഭാഗത്തിൽ കൂടുതൽ സാങ്കേതിക സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു. ന്യൂഡൽഹിയിലെ ഇൻഫർമേഷൻ ഓഫീസിന്റെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ഒരു ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർ എന്നീ തസ്തികകൾ അനുവദിച്ചു. ജില്ലാ ഇൻഫർമേഷൻ ഓഫീസുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഇൻഫർമേഷൻ ഓഫീസർമാർക്ക് വാഹനങ്ങൾ വാങ്ങി നൽകുകയും അസിസ്റ്റന്റ് എഡിറ്റർ ഇല്ലാതിരുന്ന ഓഫീസുകളിൽ പ്രസ്തുത തസ്തിക അനുവദിക്കുകയും വകുപ്പിന്റെ എല്ലാ ജില്ലാ ഓഫീസുകളും KSWAN-ൽ ഉൾപ്പെടുത്തുകയും ഓൺലൈൻ വീഡിയോ ക്ലിപ്പിംഗ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു.

(ബി) സർക്കാരിന്റെ വിവിധ വികസന പ്രവർത്തനങ്ങൾ ജനങ്ങളിലെത്തിക്കുവാനായി ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് ശ്രവ്യ-ദൃശ്യ-അച്ചടി മാധ്യമങ്ങളിലൂടെയുള്ള പ്രചാരണങ്ങൾ വിപുലപ്പെടുത്തി. പ്രചാരണ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി വകുപ്പിൽ പുതുതായി രൂപീകരിച്ച ഇലക്ട്രോണിക് മീഡിയാ ഡിവിഷന്റെ കീഴിൽ രൂപീകരിച്ച വിഷ്വൽകമ്മ്യൂണിക്കേഷൻ, വെബ് & ന്യൂ മീഡിയ, വാർത്താ വിതരണം ഇലക്ട്രോണിക് മീഡിയാ അഡ്വർടൈസ്മെന്റ് എന്നീ വിഭാഗങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനത്തിലൂടെ ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂള്ള പ്രചാരണ സാമഗ്രികൾ നിർമ്മിക്കുകയും പ്രക്ഷേപണം ചെയ്യുകയും പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതോടൊപ്പം വകുപ്പിന്റെ പ്രസിദ്ധീകരണ വിഭാഗം ബോധവത്കരണ പ്രചാരണ പ്രസിദ്ധീകരണങ്ങൾ തയ്യാറാക്കി വിതരണം ചെയ്യുകയും ഫീൽഡ് പബ്ലിസിറ്റി വിഭാഗം വികസന വാർത്തകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള മൊബൈൽ എക്സിബിഷൻ അടക്കമുള്ള പ്രചാരണ മാർഗ്ഗങ്ങൾ അവലംബിക്കുകയും പരസ്യ വിഭാഗം സർക്കാരിന്റെ പ്രചാരണ ബോധവത്കരണ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന പത്ര പരസ്യങ്ങൾ യഥാസമയം നൽകുകയും ചെയ്യുന്നു. വകുപ്പിലെ ഫീൽഡ് പബ്ലിസിറ്റി വിഭാഗം വിഷയാധിഷ്ഠിത പ്രചാരണ

LIBRARY ARCHIVES Kerala Legislative Assembly

പരിപാടികൾ ഗാന്ധി ജയന്തി, മത സൌഹാർദ്ദം, ചിക്കുൻഗുനിയ, സുവർണ്ണ ജൂബിലി ആഘോഷങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് ഫീൽഡ് പബ്ലിസിറ്റി പ്രവർത്തനങ്ങൾ നടത്തുകയും ദേശീയ-സംസ്ഥാന-ജില്ലാതല എക്സിബിഷനുകളും ഗ്രാമീണ മേളകൾ കേന്ദ്രീകരിച്ചുള്ള എക്സിബിഷനുകളും സംഘടിപ്പിക്കുകയും ചെയ്യുന്നു. ഇലക്ട്രോണിക് മീഡിയാ ഡിവിഷന്റെ കീഴിൽ ആവിഷ്കരിച്ച് നടപ്പാക്കിയ വീഡിയോ ന്യൂസ് ക്ലിപ്പിംഗ് സർവ്വീസ് സർക്കാരിന്റെ വിവിധ വികസന പ്രവർത്തനങ്ങളെക്കുറിച്ച് വകുപ്പ് തയ്യാറാക്കുന്ന വീഡിയോ ക്ലിപ്പുകളും വികസന വാർത്തകളും മാധ്യമങ്ങൾക്ക് യഥേഷ്ടം ലഭ്യമാക്കുന്നതിലൂടെ സർക്കാരിന്റെ വികസന പ്രവർത്തനങ്ങളുടെ പ്രചുര പ്രചാരം വളരെ എളുപ്പത്തിലും ചെലവ് കുറഞ്ഞ രീതിയിലുമാക്കി. ഇതുകൂടാതെ മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര പരിപാടിയായ സുതാര്യകേരളം മന്ത്രിമാർക്ക് പൊതുജനങ്ങളുമായി സംവദിക്കുന്നതിനുള്ള നവകേരളം, പ്രിയ കേരളം എന്നീ പരിപാടികൾ ദൂരദർശനിലും വികസന വാർത്താധിഷ്ഠിത പരിപാടിയായ ജനപഥം ആകാശവാണിയിലും വകുപ്പ് മുഖേന നിർമ്മിച്ച് സംപ്രേഷണം ചെയ്തുവരുന്നു. സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ C.M.F. പ്ലാറ്റ്ഫോമിൽ പരിഷ്കരിച്ച് സ്റ്റേറ്റ് ഡാറ്റ സെന്ററിൽ ഹോസ്റ്റ് ചെയ്യുകയും സംസ്ഥാന മന്ത്രിമാർക്കുള്ള ഔദ്യോഗിക വെബ്സൈറ്റുകൾ വിവരാവകാശ നിയമ സഹായത്തിനുള്ള സർവ്വീസ് പോർട്ടൽ, ശബരിമല തീർത്ഥാടകർക്കായുള്ള പ്രത്യേക വെബ്സൈറ്റ് എന്നിവ നിർമ്മിച്ച് ഹോസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. മാത്രമല്ല കേരളത്തെ സംബന്ധിക്കുന്ന ഒരു വിക്ജ്ഞാന കമ്മ്യൂണിറ്റി പോർട്ടലിന് രൂപം നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി-എഫ്) സർക്കാരിന്റെ നവീകരിച്ച വെബ് പോർട്ടലിലൂടെ സർക്കാരിനെ സംബന്ധിക്കുന്ന ഔദ്യോഗിക വിവരങ്ങൾ, കേരളത്തിന്റെ ചരിത്രം, സംസ്കാരം, സാഹിത്യം ഭാഷ, കലകൾ, വിനോദസഞ്ചാരം എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ, ഐക്യകേരളത്തിന്റെ വളർച്ചയ്ക്ക് സംഭാവന നൽകിയ പദ്ധതികൾ, പരിപാടികൾ, പൊതുജനങ്ങൾക്ക് സർക്കാരുമായും ഉദ്യോഗസ്ഥരുമായും ബന്ധപ്പെടുന്നതിനാവശ്യമായ വിലാസങ്ങൾ മന്ത്രിമാർക്ക് ഇ-മെയിൽ അയയ്ക്കാനുള്ള സൗകര്യവും മേൽവിലാസവും പരാതി പരിഹാര സെല്ലിലേക്കുള്ള ഇ-മെയിൽ സംവിധാനവും മേൽവിലാസവും സർക്കാർ വകുപ്പുകളുടെ സേവനങ്ങൾ വകുപ്പുകളുമായി ബന്ധപ്പെട്ട ഉത്തരവുകൾ, സർക്കുലറുകൾ, പൗരാവകാശരേഖ, വിവരാവകാശ നിയമപ്രകാരം ബന്ധപ്പെടേണ്ട ഉദ്യോഗസ്ഥരുടെ വിവരങ്ങൾ സ്ഥിരമായി ഉയരുന്ന സംശയങ്ങളും അവയ്ക്കുള്ള മറുപടികളും അപേക്ഷാ ഫോമുകൾ, വിവിധ കമ്മീഷനുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, ബോർഡുകൾ എന്നിവയെക്കുറിച്ചും കേരള സംസ്ഥാനത്തെ ജനപ്രതിനിധികളുടെ വിവരങ്ങളും വിലാസങ്ങളും, സംസ്ഥാന മന്ത്രിമാരുടെ ഔദ്യോഗിക വെബ്സൈറ്റുകൾ, 14 ജില്ലാ വെബ്സൈറ്റുകൾ തുടങ്ങിയവ ഈ വെബ്പോർട്ടലിൽ ലഭ്യമാണ്. കൂടാതെ മറ്റ് സംസ്ഥാനങ്ങളുടെ ഔദ്യോഗിക പോർട്ടലുകൾ, ഭാരത സർക്കാരിന്റെ ഔദ്യോഗിക പോർട്ടൽ തുടങ്ങിയവയിലേക്കും നവീകരിച്ച പോർട്ടലിലൂടെ പ്രവേശിക്കാനാകും.

LIBRARY ARCHIVES Kerala Legislative Assembly